പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1509**    05.12.2014 - ലെ മറുപടിയ്ക്ക്

## ഫീൽഡ് ചാനലുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി..ദേവസ്സി | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിഭവ വകുപ്പ്, കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി മുഖേന നിർമ്മിച്ച ഫീൽഡ് ചാനലുകൾ ജീർണ്ണിച്ച് ഉപയോഗശൂന്യമായി ക്കിടക്കുന്നത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാനായി സ്റ്റേറ്റ് പ്ലാനിംഗിനു കീഴിലുള്ള ചീഫ് അഗ്രികൾച്ചർ ഡിവിഷന് സമർപ്പിച്ചിരുന്ന അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാന സർക്കാർ 2014-15 വാർഷിക പദ്ധതിയിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളു ടെയും നവീകരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്ക്കരി ക്കുകയും 4 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി ബജറ്റിൽ വകയിരു ത്തുകയും ചെയ്തു. പദ്ധതിയനു സരിച്ച് കമാന്റ് ഏരിയ വികസന അതോറിറ്റി പൈലറ്റ് അടിസ്ഥാന ത്തിൽ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണ ത്തിനായുള്ള പദ്ധതിയും, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയും കമാന്റ് ഏരിയ വികസന അതോറിറ്റി ഗവൺമെന്റിൽ സമർപ്പി ക്കുകയും ആയത് അംഗീകരിക്കു കയും ചെയ്തു. ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ കനാലുകളാണ് നവീകരിക്കേണ്ടതെന്ന് തീരുമാനി ക്കേണ്ടത് കമാന്റ് ഏരിയ വികസന അതോറിറ്റി ആണ്. |
| (ബി) | ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ